**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2495.** **09.03.2018 ൽ മറുപടിയ്ക്ക്**

## ലഹരിയില്ലാ കേരളം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ദാസൻ | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ലഹരിയില്ലാ കേരളമെന്ന ആശയം സാക്ഷാത്കരിക്കുന്നതിന് എക്സൈസ് വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമെന്നും അവയുടെ പ്രവർത്തന രീതി എങ്ങനെയെന്നും വിശദമാക്കാമോ; | (എ) | എക്സൈസ് വകുപ്പിലെ ബോധവൽക്കരണ വിഭാഗത്തിന്റെ ഭാഗമായി ജില്ലകളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ലഹരിവിരുദ്ധ ക്ലബ്ബുകളുള്ള വിദ്യാലയങ്ങളിലും, കോളേജുകളിലും ബോധവൽക്കരണ പ്രവർത്തനം നടത്തുന്നതിന് ഓണറേറിയവും പ്രവർത്തന ഫണ്ടും അനുവദിച്ച് നൽകി വരുന്നു. എഫ്.എം.റേഡിയോ മുഖാന്തിരം ലഹരിവിരുദ്ധ ബോധവൽക്കരണ പരസ്യം നൽകിയിട്ടുണ്ട്. ആദിവാസി യുവതീയുവാക്കൾക്ക് ബോധവൽക്കരണ ട്രെയിനിംഗ്, ജനമൈത്രി എക്സൈസ് സ്ക്വാഡുകൾ പ്രവർത്തിക്കാത്തതും, ആദിവാസി മേഖലകളുള്ളതുമായ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ ബോധവൽക്കരണ പ്രവർത്തനം നടത്തുന്നുണ്ട്. തൃശ്ശൂർ പൂരം, ഉത്രാളിക്കാവ് പൂരം, സംസ്ഥാന സ്കൂൾ യുവജനോത്സവം മറ്റ് പ്രമുഖ ഉത്സവങ്ങൾ എന്നിവയോടനുബന്ധിച്ച് ബോധവൽക്കരണ പവലിയൻ സ്ഥാപിച്ചു വരുന്നു.<br><br>ജൂൺ 26 അന്താരാഷ്ട്ര മയക്കമരുന്ന് വിരുദ്ധ ദിനാഘോഷത്തോടനുബന്ധിച്ച് മികച്ച ബോധവൽക്കരണ പ്രവർത്തനം നടത്തുന്ന സന്നദ്ധ സംഘടന, സന്നദ്ധ പ്രവർത്തകൻ, മികച്ച സ്കൂൾ, കോളേജ് ലഹരിവിരുദ്ധ ക്ലബ്ബ്, ക്ലബ്ബ് അംഗം, എന്നിവർക്ക് അവാർഡ് നൽകി വരുന്നു. ഒക്ടോബർ 2 ഗാന്ധിജയന്തിയോടനുബന്ധിച്ച് വാരാഘോഷവും, ബോധവൽക്കരണ പ്രവർത്തനങ്ങളും ആയതിനോടനുബന്ധിച്ച് ലഹരിവിരുദ്ധ ക്ലബ്ബുകൾ പ്രസിദ്ധീകരിക്കുന്ന ബോധവൽക്കരണ സൃഷ്ടികളടങ്ങിയ മികച്ച മാഗസിൻ, ബോധവൽക്ക |

| | | | |
|---|---|---|---|
| | | | രണ ആശയമടങ്ങിയ മികച്ച സൃഷ്ടികൾ എന്നിവയ്ക്ക് ക്യാഷ് അവാർഡ് നൽകി വരുന്നു. ആദിവാസി മേഖലയിൽ ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനം മികച്ച രീതിയിൽ നടത്തുന്നതിനു വേണ്ടി ആദിവാസി ഊരുകളിൽ നിന്നും തെരഞ്ഞെടുത്ത യുവതീയുവാക്കൾക്ക് എക്സൈസ് അക്കാഡമിയിൽ വെച്ച് രണ്ട് ഘട്ടങ്ങളിലായി അഞ്ച് ദിവസം വീതമുള്ള ട്രെയിനിംഗ് നൽകിയിട്ടുണ്ട്. |
| (ബി) | വിമുക്തി പരിപാടിയുമായി ബന്ധപ്പെട്ട് നാളിതുവരെ നടപ്പിലാക്കിയ പരിപാടികൾ എന്തെല്ലാമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (ബി) | വിമുക്തിയുമായി ബന്ധപ്പെട്ട്, നാളിതുവരെ നടപ്പിലാക്കിയ ജില്ല തിരിച്ചുള്ള പരിപാടികൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | സ്കൂളുകളും കോളേജുകളും ലഹരി വിമുക്തമാക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയതെന്നും എന്തെല്ലാം പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ? | (സി) | മദ്യത്തിന്റെയും മറ്റ് ലഹരി പദാർത്ഥങ്ങളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധവൽക്കരിക്കുന്നതിനായി സംസ്ഥാനത്ത് സ്കൂൾ/ കോളേജുകൾ കേന്ദ്രീകരിച്ച് നിലവിൽ 2825 ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുകൾ, എസ്.പി.സി, എൻ.എസ്.എസ്, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ, വിദ്യാർത്ഥി-യുവജന-മഹിളാ-സന്നദ്ധ-സംഘടനകളുടെ പങ്കാളിത്തത്തോടും സഹകരണത്തോടു കൂടി വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധവൽക്കരിക്കുന്നതിനു വേണ്ടി വൈവിദ്ധ്യങ്ങളായ പരിപാടികളാണ് നടത്തി വരുന്നത്. ലഹരി വിരുദ്ധ ബോധവത്ക്കരണ സെമിനാറുകൾ, ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ ഹ്രസ്വ ചിത്രങ്ങൾ, ബോധവത്ക്കരണ ക്ലാസുകൾ പി.റ്റി.എ.കളുമായി സഹകരിച്ചു കൊണ്ട് ബോധവത്ക്കരണ മീറ്റിംഗുകൾ എന്നിവയും സംഘടിപ്പിച്ചു വരുന്നുണ്ട്. വിദ്യാർത്ഥികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്ക് പേര് വിവരം വെളിപ്പെടുത്താതെ ലഹരി വസ്തുക്കളുടെ വിപണനം, ഉപഭോഗം എന്നിവ അറിയിക്കുന്നതിനായി 1385 സ്കൂൾ/കോളേജ് കാമ്പസുകളിൽ പരാതിപ്പെട്ടി സ്ഥാപിച്ചു കഴിഞ്ഞു. മുഴുവൻ സ്കൂൾ/കോളേജ് കാമ്പസുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികളെയും യുവജനങ്ങളെയും ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ പങ്കാളികൾ ആക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനായും അന്താരാഷ്ട്ര മയക്കമരുന്ന് വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ലഹരി വിരുദ്ധ പ്രവർത്തനം നടത്തുന്ന മികച്ച സംഘടന, സംഘടന പ്രവർത്തകൻ, മികച്ച പ്രവർത്തനം നടത്തുന്ന സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, ക്ലബ്ബ് പ്രവർത്തകർ, ക്ലബ്ബുകൾ പ്രസിദ്ധീകരിക്കുന്ന മികച്ച ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ മാഗസിനുകൾ, മാഗസിൻ സൃഷ്ടികൾ എന്നിവയ്ക്ക് അവാർഡും പ്രശംസാപത്രവും നൽകി വരുന്നുണ്ട്. സംസ്ഥാന സ്കൂൾ കലോത്സവത്തോടനുബന്ധിച്ച് എല്ലാ വർഷവും ലഹരി വിരുദ്ധ ബോധവൽക്കരണ പവലിയൻ ഒരുക്കി പ്രദർശനം നടത്തി വരുന്നു. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

## വിമുക്തിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ ജില്ല തിരിച്ചുള്ള പരിപാടികൾ

**തിരുവനന്തപുരം:** - സ്കൂൾ കോളേജുകളിൽ സെമിനാറുകൾ, ബോധവൽക്കരണ ക്ലാസുകൾ എന്നിവ സംഘടിപ്പിച്ചു വരുന്നു. കുട്ടികളിൽ ലഹരിവിരുദ്ധ അവബോധം ഉണ്ടാക്കുന്നതിലേക്കായി ക്വിസ് മത്സരം, കൈയ്യെഴുത്ത് മാസിക തയ്യാറാക്കൽ , ചിത്ര രചന മത്സരം, എന്നിവ നടത്തിയിട്ടുണ്ട്. എൻ.എസ്.എസ്, കുടുംബശ്രീ, ലൈബ്രറി കൗൺസിൽ, വിദ്യാർത്ഥി യുവജന മഹിള സംഘടനകൾ, സ്പോർട്സ് കൗൺസിൽ ഇവരുമായി ചേർന്ന് നിരവധി ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്. യുവജനദിനത്തിൽ സെലിബ്രിറ്റി ക്രിക്കറ്റ് മത്സരവും , ലഹരിക്കെതിരെ യുവത്വം എന്ന പേരിൽ പോസ്റ്റർ രചന മത്സരവും നടത്തിയിട്ടുണ്ട്. കെ.എസ്.ആർ.റ്റി. സി ബസ്സുകളിൽ സ്റ്റിക്കർ പതിപ്പിച്ചിട്ടുണ്ട്. ആറ്റുകാൽ പൊങ്കാല, ബീമാപള്ളി ഉറൂസ് എന്നിവയോടനുബന്ധിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. എക്സൈസ് ഉദ്യോഗസ്ഥരുടെ 'പടിവരെ കാക്കരുതേ' എന്ന ബോധവൽക്കരണ നാടകം പ്രദർശിപ്പിച്ചു വരുന്നു. വിമുക്തിയുടെ സംസ്ഥാനതല ഉദ്ഘാടനം 2016 നവംബർ 20 ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി സെനറ്റ് ഹാളിൽ ബഹു.കേരള മുഖ്യമന്ത്രി നിർവ്വഹിച്ചു. വിമുക്തിയുടെ ലോഗോ പ്രകാശനം നടത്തി. സംസ്ഥാനതല ഉദ്ഘാടനത്തോടനുബന്ധിച്ച് ലഹരിക്കെതിരെ സന്ദേശമുൾക്കൊള്ളുന്ന വിവിധ കലാപരിപാടികൾ നടത്തി (നാടകം, സംഗീതാവിഷ്കരണം, മാജിക് ഷോ). വനിതാദിനത്തിൽ വിമുക്തിയുടെ ലഹരി വിരുദ്ധസന്ദേശം സംസ്ഥാനത്തെ വീടുകളിലെത്തിക്കുന്നതിന്റെ ഭാഗമായി ആയത് ഓരോ വീടുകളിലും പതിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം 8.3.2017 ന് തിരുവനന്തപുരം ശാസ്തമംഗലത്ത് വച്ച് ബഹു.എക്സൈസ് വകുപ്പ് മന്ത്രി നിർവ്വഹിച്ചു. ലോകപുകയില വിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് വി.ജെ.ടി ഹാളിൽ സംസ്ഥാനതല ഉദ്ഘാടനം ബഹു. എക്സൈസ് വകുപ്പ് മന്ത്രി നിർവ്വഹിച്ചു. ഇതോടനുബന്ധിച്ച് ആർ.സി.സി യിലെ പാലിയേറ്റീവ്കെയർ ആർ.എം.ഒ ഡോ.സി.വി.പ്രശാന്ത് ബോധവത്ക്കരണ ക്ലാസെടുക്കുകയും, തിരുവനന്തപുരം എക്സൈസ് ഡിവിഷനിലെ ഉദ്യോഗസ്ഥർ ലഹരിക്കെതിരെ സന്ദേശമുൾക്കൊള്ളുന്ന നാടകം അവതരിപ്പിച്ചു അതോടൊപ്പം പൊതു ക്യാൻവാസിൽ ലഹരിക്കെതിരായ ആശയമടങ്ങുന്ന ചിത്രരചനയും നടത്തി. സ്കൂൾ/ കോളേജ് തലത്തിൽ പ്രവർത്തിക്കുന്ന ലഹരി വിരുദ്ധ ക്ലബ്ബുകളിലൂടെയുള്ള ബോധവത്ക്കരണ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി 22.7.2017 ൽ തിരുവനന്തപുരം ജില്ലയിലെ സ്കൂൾ/ കോളേജ് ലഹരി വിരുദ്ധ ക്ലബ്ബ് കൺവീനർമാർക്ക് ശിൽപ്പശാല സംഘടിപ്പിച്ചു. തിരുവനന്തപുരം മെഡിക്കൽ കോളേജിലെയും ആർ.സി.സി യിലെയും ഡോക്ടർമാരും മറ്റ് സൈക്കോളജിസ്റ്റുകളും ക്ലാസെടുത്തു. ലഹരിക്കെതിരെ സന്ദേശമുൾക്കൊള്ളുന്ന ഫ്ളോട്ട് തിരുവനന്തപുരം ജില്ലയിൽ ഓണാഘോഷ പരിപാടികളോടനുബന്ധിച്ച് തയ്യാറാക്കി. ലഹരിക്കെതിരെ കായിക ലഹരി എന്ന ലക്ഷ്യത്തോടെ ജില്ലാതലത്തിൽ കബഡി, വോളിബോൾ മത്സരങ്ങൾ സംഘടിപ്പിച്ചു

**കൊല്ലം:**- വിമുക്തി പരിപാടിയുമായി ബന്ധപ്പെട്ട് കുടുംബശ്രീയുമായി ചേർന്ന് വിമുക്തി സ്റ്റിക്കറുകൾ പതിച്ചു. എൻ.എസ്.എസ് വോളൻറിയർമാരുടെ സഹായത്തോടെ കെ.എസ്.ആർ.റ്റി.സി ബസ്സുകളിൽ വിമുക്തി സ്റ്റിക്കറുകൾ പതിച്ചു. ബോധവൽക്കരണത്തിൻറെ ഭാഗമായി നാടകം, പാവനാടകം, ബുള്ളറ്റ് റാലി, ജില്ലാതലത്തിൽ കബഡി വോളിബോൾ ടൂർണ്ണമെൻറ് തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്കൂൾ, കോളേജുകൾ, കുടുംബശ്രീ യൂണിറ്റുകൾ, റസിഡൻറ്സ് അസോസിയേഷനുകൾ, ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, പോലീസ്, ഫോറസ്റ്റ്, റവന്യൂ ജയിൽ വകുപ്പുകളുമായി ചേർന്ന് തീരദേശ ആദിവാസി മേഖലകളിലെ വിവിധ സംഘടനകളുമായി ചേർന്ന് വിമുക്തിയുടെ ഭാഗമായി ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. സ്കൂൾ കോളേജ് തലത്തിൽ ലഹരിവിരുദ്ധ ക്ലബ്ബുകളുടെ ചുമതല വഹിക്കുന്ന അധ്യാപകർക്കായി ഏകദിന ശിൽപ്പശാല സംഘടിപ്പിച്ചു

സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കിടയിൽ ബോധവൽക്കരണത്തിൻറെ ഭാഗമായി കൈയ്യെഴുത്ത് മാസിക മത്സരം, ചിത്രരചന മത്സരം, wall against drugs എന്ന പേരിൽ ചുമർ ചിത്ര രചന മത്സരവും നടത്തിയിട്ടുണ്ട്. ബോധവൽക്കരണ സ്റ്റാളുകൾ, ബോധവൽക്കരണ സ്ലൈഡുകൾ എന്നിവ പ്രദർശിപ്പിച്ചു വരുന്നു. സ്കൂൾ, കോളേജുകളിലും പൊതുസ്ഥലങ്ങളിലും പരാതിപ്പെട്ടികൾ സ്ഥാപിച്ചു മോബ് ഷോ, റേഡിയോ ബെൻസിഗറിലൂടെ ലഹരിക്കെതിരെയുള്ള ചോദ്യോത്തര പരിപാടി എന്നിവ നടത്തി. 'പടിവരെ കാക്കരുതെ' എന്ന ലഹരിവിരുദ്ധ നാടകം അവതരിപ്പിച്ചു. കൂടാതെ എക്സൈസ് വകുപ്പിന്റെ കീഴിലെ വിമുക്തിയുടെ ഭാഗമായി ചിത്രീകരിച്ചിട്ടുള്ള ലഹരിക്കെതിരെയുള്ള ടെലിഫിലിമും പ്രദർശിപ്പിച്ചിട്ടുണ്ട്. കോളനികളെ വിദ്യാർത്ഥികളെയും, യുവതീയുവാക്കളെയും പങ്കെടുപ്പിച്ചുകൊണ്ട് ലഹരിക്കെതിരെ കവിതാരചന, ചിത്രരചന, പോസ്റ്റർ തയ്യാറാക്കൽ, പ്രസംഗ മത്സരം എന്നിവ സംഘടിപ്പിക്കുകയും, 'ആദിവാസി കോളനിയിൽ ഒരു ദിനം' എന്ന പരിപാടി സംഘടിപ്പിക്കുകയും ചെയ്തു. ലഹരിക്കെതിരെ കായിക ലഹരി എന്ന ലക്ഷ്യത്തോടെ ജില്ലാതലത്തിൽ കബഡി, വോളിബോൾ മത്സരങ്ങൾ സംഘടിപ്പിച്ചു

<u>**പത്തനംതിട്ട**</u>- വിമുക്തി പദ്ധതിയുമായി ബന്ധപ്പെട്ട് പത്തനംതിട്ട ജില്ലാപഞ്ചായത്ത് പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ജില്ലാ വിമുക്തി മിഷൻ രൂപീകരിച്ച് ജില്ലയിലെ പ്രവർത്തനങ്ങൾ നടത്തി വരുന്നു. പട്ടികജാതി, പട്ടികവർഗ്ഗ ആദിവാസി മേഖലകളിൽ ലഹരിക്കെതിരെ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സന്നദ്ധ സംഘടന നടത്തി വരുന്നു. നാളിതുവരെയായി 924 ബോധവൽക്കരണ ക്ലാസുകളും, ലഹരിവിരുദ്ധ പാവനാടകം മാജിക് ഷോ, ബോധവൽക്കരണ ടെലിഫിലിം പ്രദർശനം എന്നിവയുടെ 142 പ്രോഗ്രാമുകൾ വിവിധ കേന്ദ്രങ്ങളിലായി നടത്തിയിട്ടുണ്ട്. ലഹരിക്കടിമപ്പെട്ട 7 പേരെ ലഹരിവിമുക്ത ചികിത്സയ്ക്ക് വിധേയമാക്കി. ലഹരിവിരുദ്ധ പ്രചരണാർത്ഥം നിർമ്മിച്ച ഹ്രസ്വഫിലിമിന്റെ (കാണാക്കാഴ്ചകൾ) 150 ഓളം സിഡികൾ പകർത്തി സ്കൂളുകളിൽ വിതരണം ചെയ്തു. ലഹരിവിരുദ്ധ സന്ദേശമടങ്ങിയ 2,32,000/- വിമുക്തി സ്റ്റിക്കറുകൾ ജില്ലകളിലെ വീടുകളിൽ പതിപ്പിച്ചു കെ.എസ്.ആർ.റ്റി.സി ബസ്സുകളിലും വിമുക്തി സ്റ്റിക്കറുകൾ പതിപ്പിച്ചു കലാകായിക മത്സരങ്ങളിലൂടെ ലഹരിവിരുദ്ധ ബോധവൽക്കരണം എന്നതിൻറെ ഭാഗമായി ജില്ലാ കബഡി മത്സരം, വോളിബോൾ മത്സരം ഇവ നടത്തി. ജൂൺ 26 അന്തരാഷ്ട്ര ലഹരിവിരുദ്ധ ദിനം, ഒക്ടോബർ 2 ഗാന്ധിജയന്തി, ജനുവരി 30 എന്നീ ദിനങ്ങളോട് അനുബന്ധിച്ച് സ്കൂൾ, കോളേജ് കേന്ദ്രീകരിച്ച് ലഹരിവിരുദ്ധ ഉപന്യാസ മത്സരം, കൈയ്യെഴുത്ത് മാസിക മത്സരം, ചിത്രരചനാ മത്സരം എന്നിവ നടത്തി വിജയികൾക്ക് സമ്മാനം നൽകി.

<u>**ആലപ്പുഴ:**</u> വിമുക്തി ബോധവൽക്കരണത്തിൻറെ ഭാഗമായി വിവിധ ആഘോഷങ്ങളിൽ ബോധവൽക്കരണ പ്രദർശന സ്റ്റാളുകൾ ഒരുക്കിയിട്ടുണ്ട്. കൂടാതെ ലഹരിവിരുദ്ധ ക്ലബ്ബുകളുള്ള സ്കൂളുകളിൽ ബോധവൽക്കരണ ക്ലാസുകൾ നടത്തിയിട്ടുണ്ട്. ജൂൺ 26 അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് പോസ്റ്റർ രചന മത്സരം, കൈയ്യെഴുത്ത് മാസിക മത്സരം, ചിത്രരചന മത്സരം, ക്വിസ് മത്സരം എന്നിവ നടത്തിയിട്ടുണ്ട്. വിദ്യാർത്ഥികളെയും യുവജനങ്ങളെയും പങ്കെടുപ്പിച്ചു കൊണ്ട് കബഡിമത്സരവും, വോളിബോൾ മത്സരം ഇവ നടത്തിയിട്ടുണ്ട്. വിമുക്തി ബോധവൽക്കരണത്തിൻറെ ഭാഗമായി SC/ST കോളനികളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.

<u>**കോട്ടയം:-**</u> പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് സെമിനാറുകളും, സൗഹൃദ സന്ദർശനങ്ങളും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ നടന്നുവരുന്നു. വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കൗൺസിലിംഗ് ക്ലാസുകൾ സംഘടിപ്പിച്ചു വരുന്നു. ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറുടെയും അസി.എക്സൈസ് കമ്മീഷണറുടെയും നേതൃത്വത്തിൽ പി.റ്റി.എ യുമായി സഹകരിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തി വരുന്നു. ലഹരിയും കാൻസറും എന്ന വിഷയം ആസ്പദമാക്കി സ്കൂൾ, കോളേജുകളിൽ ക്ലാസുകൾ നടത്തിയിട്ടുണ്ട്. ലഹരിവിരുദ്ധ ക്ലബ്ബിൻറെ നേതൃത്വത്തിൽ വിളംബര ജാഥയും പ്രതിജ്ഞയും

നടത്തിയിട്ടുണ്ട്. ഗ്രന്ഥശാലയുമായി സഹകരിച്ച് ലഹരിവിമുക്ത സെമിനാറുകൾ സംഘടിപ്പിച്ചിട്ടുണ്ട്. പാൻ ഉൽപ്പന്നങ്ങൾ വരുത്തുന്ന ശാരീരിക മാനസിക പ്രശ്നങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിന് സ്കൂളുകളിലും കോളേജുകളിലും പാൻ ഉൽപ്പന്നങ്ങളുടെ ഭീകരതയെക്കുറിച്ചുള്ള വീഡിയോ പ്രദർശനം നടത്തിയിട്ടുണ്ട്. ട്രൈബൽ വിഭാഗങ്ങളുടെ ഉന്നമനത്തിനായി സെമിനാർ നടത്തിയിട്ടുണ്ട്. ലഹരിക്കെതിരെ കായിക ലഹരി എന്ന ലക്ഷ്യത്തോടെ ജില്ലാതലത്തിൽ കബഡി, വോളിബോൾ മത്സരങ്ങൾ സംഘടിപ്പിച്ചു.

**ഇടുക്കി:-** വിമുക്തിയുമായി ബന്ധപ്പെട്ട് ഇടുക്കി ഡിവിഷനിൽ ജില്ല, ബ്ലോക്ക്, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത്, വാർഡ് തലങ്ങളിൽ വിമുക്തി കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. ജില്ലയിലെ സ്കൂൾ/ കോളേജുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ വഴി ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നു. പൊതുജനങ്ങൾക്കു വേണ്ടി ബോധവൽക്കരണ ക്ലാസുകം, ലഹരിവിരുദ്ധ സന്ദേശം പകരുന്ന ലഘുലേഖ വിതരണം,ഹ്രസ്വ നാടക അവതരണം, വിമുക്തി സ്റ്റാളുകൾ എന്നിവ സംഘടിപ്പിച്ചിട്ടുള്ളതാണ്. വാഹനങ്ങളിലും വീടുകളിലും വിമുക്തി സ്റ്റിക്കറുകൾ പതിപ്പിച്ചിട്ടുള്ളതാണ്. വിമുക്തിയുമായി ബന്ധപ്പെട്ട വകുപ്പിലെ ജീവനക്കാരുടെ ഒരു നാടക ടീം രൂപീകരിച്ച് ബോധവൽക്കരണ നാടകം ( കാലിടറാതെ കാവലാളാകാം) ജില്ലയിലുടനീളം അവതരിപ്പിച്ചു വരുന്നു. ഇതിനോടകം 23 വേദികളിൽ അവതരിപ്പിച്ചു. വിമുക്തിയുടെ ഭാഗമായി ലഹരിക്കെതിരെ യുവജനതയെ കായിക മത്സരത്തിലേയ്ക്ക് തിരിച്ച് വിടുക എന്ന ഉദ്ദേശത്തോടു കൂടി ജില്ലയിൽ ജില്ലയിൽ വിവിധ സ്പോട്സ്, പരിപാടികൾ (കബഡി മത്സരം, ഫുട്ബാൾ മത്സരം, വോളിബോൾ മത്സരം എന്നിവ സംഘടിപ്പിച്ചിട്ടുള്ളതാണ്). ഒക്ടോബർ-2, ഗാന്ധിജയന്തിയോടനുബന്ധിച്ച് ജില്ലയിലെ എല്ലാ താലൂക്ക് ആസ്ഥാനത്തും വിമുക്തി വാരാഘോഷം ആചരിച്ചു. ജൂൺ 26 അന്താരാഷ്ട്ര മയക്ക മരുന്ന് വിരുദ്ധ ദിനത്തിൽ, ജില്ലയിലെ പ്രധാനപ്പെട്ട ടൗണുകളിൽ റാലികളും, ജാഥകളും, കൂട്ടയോട്ടം കൂടാതെ പൊതുസമ്മേളനം നടത്തിയിട്ടുള്ളതാണ്. ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ പ്രവർത്തിക്കുന്ന ജില്ലയിലെ എല്ലാ സ്കൂളുകളിലും (2000 എണ്ണം) വിമുക്തി പരസ്യ ബോർഡുകൾ സ്ഥാപിച്ചു കഴിഞ്ഞു. ആദിവാസി വിഭാഗങ്ങളെ ബോധവൽക്കരിക്കുന്നതിനും, ജനങ്ങളുടെ ഉന്നമനത്തിനും വേണ്ടി ജില്ലയിൽ ദേവികുളം താലൂക്ക് ആസ്ഥാനമായി ജനമൈത്രി എക്സൈസ് സ്ക്വാഡ് പ്രവർത്തിച്ചു വരുന്നു.

**എറണാകുളം:-** കെ.എസ്.ആർ.റ്റി.സി ബസ്സുകളിൽ വിമുക്തി സ്റ്റിക്കറുകൾ പതിച്ചിട്ടുണ്ട്. അന്താരാഷ്ട്ര മയക്കുമരുന്നുവിരുദ്ധ ദിനത്തോടനുബന്ധിച്ച് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ട് ക്വിസ്സ് മത്സരം, ചിത്രരചന മത്സരം, കൈയ്യെഴുത്ത് മാസിക മത്സരം എന്നിവ നടത്തിയിട്ടുണ്ട്. ലഹരിവിരുദ്ധ ക്ലബ്ബ് കൺവീനർമാർക്ക് ഏകദിന ശിൽപ്പശാല നടത്തിയിട്ടുണ്ട്. കേരളപ്പിറവി ദിനത്തിൽ ലഹരിവിരുദ്ധ ക്ലബ്ബുകളുള്ള സ്കൂൾ/ കോളേജുകളിൽ ലഹരിക്കെതിരെ മരം എന്ന പരിപാടിയിൽ വൃക്ഷതൈകൾ നട്ടിട്ടുണ്ട്. ജില്ലയിലെ പ്രധാനപ്പെട്ട ഉത്സവ ആഘോഷ സ്ഥലങ്ങളിൽ വിമുക്തി സ്റ്റാളുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ടൂറിസം വകുപ്പുമായി ചേർന്ന് ലഹരിക്കെതിരെ ഡാൻസ് എന്ന പരിപാടി നടത്തിയിട്ടുണ്ട്. യുവജനങ്ങളെയും വിദ്യാർത്ഥികളെയും ലഹരിയിൽ നിന്നും മോചിപ്പിക്കുന്നതിനായി കബഡി മത്സരവും വോളിബോൾ മത്സരവും സംഘടിപ്പിച്ചിട്ടുണ്ട്.

**തൃശ്ശൂർ:-** സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി കൈയ്യെഴുത്ത് മാസിക മത്സരം, ഉപന്യാസ മത്സരം, ക്വിസ് മത്സരം, പോസ്റ്റർ രചന മത്സരം, ക്വിസ് മത്സരം, ചുമർ ചിത്രരചന മത്സരം ഇവ നടത്തിയിട്ടുണ്ട്. വിമുക്തിയുടെ ഭാഗമായി കബഡി മത്സരവും, വോളിബോൾ മത്സരവും നടത്തി. ഗാന്ധിജയന്തി വാരാഘോഷത്തിൻറെ ഭാഗമായി ഒക്ടോബർ 2 മുതൽ 8 വരെ ജില്ലയിലുടനീളം ബോധവൽക്കരണ പരിപാടികൾ നടത്തി. കൂട്ടയോട്ടം, ഫ്ളാഷ് മോബ്, ലഹരിവിരുദ്ധ പ്രതിജ്ഞ എന്നിവ നടത്തിയിട്ടുണ്ട്. സ്കൂൾ സംസ്ഥാന യുവജനോത്സവത്തോടനുബന്ധിച്ച് ബോധവൽക്കരണ സ്റ്റാൾ നടത്തിയിട്ടുണ്ട്.

ലഹരിവിരുദ്ധ ക്ലബ്ബ് കൺവീനർമാരായ അധ്യാപകർക്ക് ഏകദിന ശിൽപ്പശാല നടത്തി. വിദ്യാഭ്യാസ സ്ഥാപനങ്ങളുമായും സന്നദ്ധ സംഘടനകളുമായി ബന്ധപ്പെട്ട് ബോധവൽക്കരണ ക്ലാസുകളും ടെലിഫിലിം പ്രദർശനവും നടത്തിവരുന്നു.

**<u>പാലക്കാട്:-</u>**എക്സൈസ് ഉദ്യോഗസ്ഥർ തയ്യാറാക്കി അവതരിപ്പിച്ചു വരുന്ന എനിക്ക് പറയാനുള്ളത് എന്ന ബോധവൽക്കരണ നാടകം വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും പ്രദർശിപ്പിച്ചു വരുന്നു. സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലാസുകൾ നടത്തി വരുന്നു. പുകയില വിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ട്. അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് ക്വിസ് മത്സരം, ചിത്രരചന മത്സരം ഇവ നടത്തിയിട്ടുണ്ട്. ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് സ്കൂൾ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ട് കൂട്ടയോട്ടം, ചിത്രരചന മത്സരം, അധ്യാപകർക്കുള്ള ശിൽപ്പശാല ഇവ നടത്തിയിട്ടുണ്ട്. വിവിധ ആഘോഷങ്ങളോടനുബന്ധിച്ച് ബോധവൽക്കരണ സ്റ്റാൾ തയ്യാറാക്കിയിട്ടുണ്ട്. ജില്ലയിൻ ക്രിക്കറ്റ്, ഫുട്ബാൾ, കബഡി, വോളിബോൾ മത്സരങ്ങൾ വിമുക്തി ബോധവൽക്കരണത്തിൻറെ ഭാഗമായി നടത്തിയിട്ടുണ്ട്.

**<u>മലപ്പുറം:-</u>** വിമുക്തിയുടെ ഭാഗമായി അംഗൻവാടി, സ്കൂൾ /കോളേജ് വിദ്യാർത്ഥികൾ, ജനകീയ കൂട്ടായ്മ, ആദിവാസി മേഖലകൾ, തീരദേശ മേഖലകൾ, ലൈബ്രറി, ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ, കുടുംബശ്രീ, ആശാവർക്കർ, സ്കൂൾ കോളേജ് കൗൺസിലർ തുടങ്ങിയ മേഖലകളുള്ളവർക്ക് ബോധവൽക്കരണ ക്ലാസുകൾ, എക്സിബിഷനുകൾ, സംഗീത നാടക പരിപാടികൾ, സംഗീത ശിൽപ്പങ്ങൾ, വീഡിയോ പ്രദർശനങ്ങൾ, റാലികൾ, വിമുക്തിയുടെ ഭാഗമായി കബഡി മത്സരം, വോളിബോൾ മത്സരം, മനുഷ്യ ചങ്ങല, ജനപ്രതിനിധികളുടെ പ്രഭാഷണങ്ങൾ, ജാഗ്രതാ സമിതികളും വീടുകൾ തോറുമുള്ള സർവ്വെ തുടങ്ങി ലഹരിവർജ്ജന സന്ദേശമുൾക്കൊള്ളുന്ന പ്രോഗ്രാമുകൾ നടത്തിയിട്ടുണ്ട്.

**<u>കോഴിക്കോട്</u>**- ജൂൺ 26 അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് കൈയ്യെഴുത്ത് മാസിക, ചിത്രരചന, ക്വിസ് തുടങ്ങിയ മത്സരങ്ങൾ നടത്തി. ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിൽ ബോധവൽക്കരണ റാലി നടത്തിയിട്ടുണ്ട്. കബഡി മത്സരം, വോളിബോൾ മത്സരം തുടങ്ങിയവ നടത്തിയിട്ടുണ്ട്. സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് ബോധവൽക്കരണ ക്ലാസുകളും , ചിത്രപ്രദർശനം, ഉത്സവാഘോഷങ്ങളിൽ ലഹരിവിരുദ്ധ സ്റ്റാൾ എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്.

**<u>വയനാട്:-</u>** ആദിവാസി കോളനികൾ കേന്ദ്രീകരിച്ചും, സ്കൂൾ/കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകളിലും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. എൻ.സി.സി, എൻ.എസ്.എസ്, എസ്.പി.സി എന്നിവരുമായി ചേർന്ന് ബോധവൽക്കരണ പ്രവർത്തനങ്ങളും ലഹരിവിരുദ്ധ സന്ദേശ റാലിയും നടത്തിയിട്ടുണ്ട്. റസിഡൻറ്സ് അസോസിയേഷനുകൾ, കുടുംബശ്രീ, എന്നിവരുടെ സഹകരണത്തോടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ, കലാകായിക മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചിട്ടുണ്ട്. ആദിവാസി മേഖലയിലെ ബോധവൽക്കരണത്തിൻറെ ഭാഗമായി ഫുട്ബോൾ മത്സരം, കബഡി, വോളിബോൾ മത്സരം ഇവ നടത്തിയിട്ടുണ്ട്. കെ.എസ്.ആർ.റ്റി.സി ബസ്സിൽ വിമുക്തി സ്റ്റിക്കർ പതിപ്പിച്ചു.

**<u>കണ്ണൂർ;-</u>** ബോധവൽക്കരണ ക്ലാസുകൾ ജില്ലയിലുടനീളം നടത്തിവരുന്നുണ്ട്. സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായി ചിത്രരചന, കാർട്ടൂൺ, പോസ്റ്റർ രചന മത്സരം, ക്വിസ് മത്സരം ഇവ നടത്തിയിട്ടുണ്ട്. എക്സൈസ് വകുപ്പ് ജീവനക്കാർ അവതരിപ്പിക്കുന്ന ലഹരിവിരുദ്ധ നാടകം വരല്ലേ ഈ വഴിയേ ജില്ലയിലുടനീളം നടത്തി വരുന്നു. ലഹരിവിരുദ്ധ കൺവീനർമാരായ അധ്യാപകർക്ക് ശിൽപ്പശാല നടത്തി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിളംബര ജാഥ, റാലി, ഫ്ളാഷ് മോബ് വിവിധ കലാരൂപങ്ങൾ എന്നിവ സംഘടിപ്പിച്ചു ഉത്സവാഘോഷങ്ങളിൽ സ്റ്റാളുകൾ സജ്ജീകരിക്കുകയും,

പോസ്റ്ററുകൾ വിതരണം ചെയ്യുകയും സിഡികൾ പ്രദർശിപ്പിക്കുകയും ചെയ്തു. ആദിവാസി കോളനികൾ, തീരദേശമേഖലകൾ, ടാക്സി സ്റ്റാൻഡ്, സ്കൂൾ, കോളേജ് പരിസരങ്ങളിലും ലഹരിവിരുദ്ധ ലഘുലേഖകൾ വിതരണം ചെയ്തിട്ടുണ്ട്. വിമുക്തിയുടെ ഭാഗമായി കബഡി മത്സരം, വോളിബോൾ മത്സരം നടത്തിയിട്ടുണ്ട്. 2017 ജൂൺ 26 ന് അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണത്തിൻറെ ഭാഗമായി സംസ്ഥാനതല ഉദ്ഘാടനം നടത്തി. ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് ലഹരിവിരുദ്ധ വാരാചരണം സംഘടിപ്പിച്ചിട്ടുണ്ട്.

**<u>കാസർഗോഡ്</u>**-എല്ലാ സ്കൂളുകളിലും കോളേജുകളിലും ലഹരിവിരുദ്ധ പ്രതിജ്ഞ നടത്തുകയും, കൈയ്യെഴുത്ത് മാസിക, പോസ്റ്റർ രചന, ചിത്രരചന, ക്വിസ് തുടങ്ങിയ മത്സരങ്ങൾ നടത്തിയിട്ടുണ്ട്. വിമുക്തിയുടെ ഭാഗമായി കബഡി, വോളിബോൾ മത്സരം നടത്തിയിട്ടുണ്ട്. സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലാസുകൾ നടത്തി. മാജിക് ഷോ, ടെലിഫിലിംമുകൾ എന്നിവ വിവിധ സ്ഥലങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. കെ.എസ്.ആർ.റ്റി.സി ബസ്സുകളിൽ സ്റ്റിക്കർ പതിപ്പിച്ചു

സെക്ഷൻ ഓഫീസർ